## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4911 22.05.2017 -ൽ മറുപടിക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ കരുവാറ്റ പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ബാലുശ്ശേരി മണ്ഡലത്തിലെ കരുവാറ്റ പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ;<br>(ബി) പ്രസ്തുത പാലത്തിന് ഭരണാനുമതി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയത് അറിയിക്കാമോ;<br>(സി) പാലത്തിന്റെ പ്രവൃത്തി ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) & (സി) ബാലുശ്ശേരി മണ്ഡലത്തിലെ കരുവാറ്റക്കടവ് ജീപ്പബിൾ ബ്രിഡ്ജിന്റെ (യഥാർത്ഥ പേര്) റിവൈസ്ഡ് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിൻ മേൽ ചീഫ് ടെക്നിക്കൽ എക്സാമിനർ നടത്തിയ ചില നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പ്രവൃത്തി നടക്കുന്ന സ്ഥലപരിശോധന നടത്തിയ ശേഷം ടി പ്രവൃത്തിയ്ക്ക് ആവശ്യമായ സ്ഥലം ലഭ്യമാണോ എന്നതടക്കമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി റീകാസ്റ്റ് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും വിഭാഗം) ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

S. Bindu

**സെക്ഷൻ ഓഫീസർ**